രണ്ടാം പഞ്ചവത്സരപദ്ധതി.

* 149. [34] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം രണ്ടാം പഞ്ചവത്സരപദ്ധതിയുടെ physical target എന്ത് ;

(ബി) അതിന്റെ money target എന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) Physical target സംബന്ധിച്ച പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്. പ്രധാന physical target 3.6 ലക്ഷം പൊഴിൽരഹിതർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുകയും, 2·5 ലക്ഷം പൂർണ്ണതൊഴിലില്ലാത്തവർക്ക് പൂർണ്ണമായി തൊഴിലുണ്ടാക്കിക്കൊടുക്കുകയുമാണ്.

(ബി) 131.89 കോടി രൂപ.

പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ.

* 150. [35] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മലയാളത്തിൽ വാർത്തകളും ലഘുലേഖകളും പത്രങ്ങൾക്ക് നൽകുന്നതിനായി പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ഒരു ശാഖ എറണാകുളത്തു സ്ഥാപിക്കുന്നതിനു ഈ ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോട് നിയേദനം നടത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഇല്ല.

പുതിയ റയിൽവേ ലൈനുകൾ.

* 151. [36] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എത്ര പുതിയ റയിൽവേ ലൈനുകൾ തിരുവിതാംകൂർ-കൊച്ചിയിൽ പണിയുന്നതിനു ശുപാർശ ചെയ്തിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ?

(സി) തിരുവല്ലായും പുനലൂരും തമ്മിൽ യോജിപ്പിക്കുന്നതിന് ഒരു റയിൽവേ പണിയുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. സി. വേലായുധൻ) :

(എ) 10. (പത്ത്)

(ബി) (1) തിരുവനന്തപുരം-കന്യാകുമാരി.

(2) ഇടമൺ-കൊല്ലംകോട്.

(3) ഇടമൺ-ഗുരുവായൂർ.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

(4) കൊച്ചി–ബോഡിനായ്ക്കന്നൂർ.

(5) എറണാകുളം–ആലപ്പുഴ–മാവേലിക്കര. അല്ലെങ്കിൽ കായംകുളം.

(6) തിരുനൽവേലി–കന്യാകുമാരി.

(7) തൃശ്ശൂർ–കൊല്ലങ്കോട്–ചിറ്റൂർ.

(8) കൊല്ലം–ചെങ്കോട്ട ലൈനിനെ പുനലൂരിൽ വച്ച് ബന്ധിക്കുകയും, കൊല്ലം, കോട്ടയം ലൈനിനെ മാവേലിക്കരയോ, ചെങ്ങന്നൂരോ തിരുവല്ലായിലോ വച്ച് ബന്ധിക്കുകയും ചെയ്യുന്ന കോർഡ് ലൈൻ. (Chord line)

(9) കുറിപ്പുറം–കൊടുങ്ങല്ലൂർ. (ഗുരുവായൂർ വഴി.)

(10) ഏറ്റുമാനൂർ. (കോട്ടയം–എറണാകുളം ലൈൻ.) മുണ്ടക്കയം.

(സി) ഉണ്ട്.

ഇഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ.

* 152. [37] ശ്രീ. കെ. സി. ജോർജ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇഞ്ചിനീയറിംഗ് കോളേജിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള ഹോസ്റ്റൽ ബിൽഡിംഗ്സ് ഇന്ന നിലവിലുണ്ടോ:

(ബി) ഇഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ ബിൽഡിംഗ് പണിയുന്നതിനായി യൂണിവേഴ്സിറ്റി ഫണ്ടിൽനിന്നും തുക കൊള്ളിച്ചിരുന്നോ;

(സി) ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ എന്തെങ്കിലും സാമ്പത്തികസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഹോസ്റ്റൽ ഉണ്ട്. അതു് ഇപ്പോൾ വാടകക്കെട്ടിടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതു്.

(ബി) ഇല്ല.

(സി) 5 ലക്ഷം രൂപ പലിശയില്ലാതെ കടം തരാമെന്നു സമ്മതിച്ചിട്ടുണ്ട്.

കടിയേറുപദ്ധതി.

* 153. [38] ശ്രീ. കെ. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും എത്ര കുടുംബങ്ങൾ വെളിയിൽ കുടിയേറിപ്പോകാൻ പോയിട്ടുണ്ട്;

(ബി) ജനസംഖ്യ കുറയ്ക്കുന്നതിനായി പഞ്ചവത്സരപദ്ധതിയുടെ ഭാഗമായിട്ടാണോ ഈ കുടിയേറുപദ്ധതി ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly